# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണർകാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 13/ 2428/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണർകാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 13/ 2428/22 തീയ്യതി: 04/01/2023

## കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ

ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബിജു കെ സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അരുൺകുമാർ എൻ | സെക്രട്ടറി | 01-04-2021 | 18-05-2021 |
| റോയി കെ മാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-05-2021 | 08-06-2021 |
| സുധീർ എൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2021 | 14-06-2021 |
| അരുൺകുമാർ എൻ | സെക്രട്ടറി | 15-06-2021 | 28-06-2021 |
| സുധീർ എൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 14-07-2021 |
| ബീജു തോമസ് മാത്യു | സെക്രട്ടറി | 15-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധീർ എൻ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഷാന്റി എ കെ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| തോമസ് ബോബി മാത്യൂസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സലിൽ ക്ലീറ്റസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സന്ധമകുമാരി റ്റി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നാൻസമ്മ തമ്പി | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സ്വപ്ന മഞ്ചരി | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. സുകുമാരി | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 30-04-2021 |
| ഡോ. സൗദ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-05-2021 | 06-05-2021 |
| ഡോ. പ്രീത | മെഡിക്കൽ ഓഫീസർ - ഹോമിയോ | 07-05-2021 | 12-12-2021 |

| | | | |
|---|---|---|---|
| ഡോ. അന്ന ജോസഫ് | മെഡിക്കൽ ഓഫീസർ - ഹോമിയോ | 13-12-2021 | 31-03-2022 |
| ഡോ.മെറിൻ അലക്സാണ്ടർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ലക്ഷ്മി എ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| പി ഉദയകല | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-04-2021 |
| വിജി വിശ്വനാഥ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി നിർണ്ണയം - തറ നിർമ്മിതിക്കനുസൃതമായി വർദ്ധന വരുത്തിയിട്ടില്ല | 1-11 |
| 12 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-12 |
| 13 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-17 |
| 18 | ലൈസൻസ് നൽകൽ - നടപടിക്രമങ്ങളിലെ അപാകതകൾ | 1-18 |
| 19 | ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ളത് 6.06 ലക്ഷം | 1-19 |
| 20 | വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. | 1-20 |
| 21 | കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല | 1-21 |
| 22 | കരാർ ജീവനക്കാരുടെ സേവനവിവരങ്ങൾ സൂക്ഷിക്കുന്നില്ല. | 1-22 |
| 23 | പൊതുടാപ്പ്- വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് | 1-23 |
| 24 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-24 |
| 25 | ഭവനപുനരുദ്ധാരണം - അപാകതകൾ | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ -അപാകതകൾ | 1-26 |

| | | |
|---|---|---|
| 27 | പഠനമുറി നിർമ്മാണം - അപാകതകൾ | 1-27 |
| 28 | വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് നമ്പർ 7/22 – അപാകതകൾ | 1-28 |
| 29 | വീട് വാസയോഗ്യമാക്കൽ (.ടി.എസ്.പി) പ്രോജക്ട് അപാകതകൾ | 1-29 |
| 30 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) പ്രോജക്ട് ഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ | 1-30 |
| 31 | ബൈപ്പാസ് നിർമ്മാണം ഗുണനിലവാര പരിശോധന അനിവാര്യം | 1-31 |
| 32 | തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് - പഞ്ചായത്തിന് അധികച്ചെലവ് | 1-32 |
| 33 | ഡിജിറ്റൽ ലൈബ്രറിക്ക് അടിസ്ഥാനസൗകര്യം - ചെലവ് തുക ഫലപ്രദമായില്ല | 1-33 |
| 34 | വാർഷികകണക്കിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നു | 1-34 |
| 35 | ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-35 |
| 36 | മുട്ടക്കോഴി വളർത്തൽ - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു. | 1-36 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-37 |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-38 |
| 39 | മരുന്ന് ലഭ്യമായില്ല | 1-39 |
| 40 | തൊഴിലുറപ്പ് പദ്ധതി- കേര നഴ്സറി നിർമ്മാണം- അപാകതകൾ | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് - പഞ്ചായത്തിന് അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16.02.2021 ലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 21.03.2022 ലെ I/2 നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---:|---:|
| മുന്നിരിപ്പ് | 11902128.00 | 24879834.65 |
| വരവ് | 303264000.00 | 85657976.00 |
| ആകെ | 315166128.00 | 110537810.65 |
| ചെലവ് | 299190000.00 | 84595723.00 |
| നീക്കിയിരിപ്പ് | 15976128.00 | 25942087.65 |

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31/05/2022ലെ VII(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 24879834.65 രൂപയും തൻവർഷ വരവ് 85657976 രൂപയും തൻവർഷ ചെലവ് 84595723 രൂപയും വർഷാവസാന നീക്കിയിരിപ്പ് 25942087.65 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 156666543.00 രൂപയും ആകെ ചെലവ് 147666254.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B-4 ഷെഡ്യൂളിലെ തുകകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4) ലോൺ രജിസ്റ്റർ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) B-18 ഷെഡ്യൂളിലെ 460500201- Advance To Implementing Agencies- Deposit With KWA, 460500202- Advance To Implementing Agencies- Deposit With K.S.E.B എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) B-18 ഷെഡ്യൂളിൽ 460100101- ഫെസ്റ്റിവൽ അഡ്വാൻസ് എന്ന ഇനത്തിൽ അവശേഷിക്കുന്ന 3000 രൂപയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8) പൂർത്തീകരിച്ച നിക്ഷേപപ്രവൃത്തികളുടെ മൂല്യം വാർഷികകണക്കുകളിൽ ആസ്തികളാക്കി മാറ്റിയിട്ടില്ല.

9) ബാലൻസ് ഷീറ്റ് B-5 – പട്ടികയിൽ ലോൺ ഇനത്തിലെ നീക്കിയിരിപ്പ് 2579378 രൂപയും B-16 പട്ടികയിൽ 2494781 രൂപയുമായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. വ്യത്യാസം വിശദീകരിയ്ക്കാനുള്ള അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

10) B-7 ഷെഡ്യൂളിലെ 340100101-Contractor's E.M.D, 340109901- Other Deposit, 340200107- Election Deposit എന്നിവയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ

തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

11) വാടക, പ്രൊഫഷണൽ ടാക്സ് (എംപ്ലോയിസ്) എന്നിവ കളക്ഷൻ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

12) R.P-31 ഷെഡ്യൂളിലെ 320700404- Contribution For Other Specific Purposes (For Revenue Expenditure)- From Block Panchayath എന്ന ശീർഷകത്തിലെ തൻവർഷ വരവായ 23302 രൂപയുടെ വിവരങ്ങൾ ലഭ്യമല്ല.

13) R.P-7 ഷെഡ്യൂളിലെ 160300101- Contribution Towards Joint Venture Project- From District Panchayats എന്ന ശീർഷകത്തിൽ 70158 രൂപ, 160300102- Contribution Towards Joint Venture Project- From Block Panchayats എന്ന ശീർഷകത്തിൽ 170260 രൂപ എന്നീ തൻവർഷ വരവ് തുകകൾ റെസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

14) ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പ്രകാരമുള്ള വാടകയുടെ ഡിമാന്റ് യഥാർത്ഥ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

15) സി.എഫ്.സി ടൈഡ് , അൺ ടൈഡ് ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂളിലെ നീക്കിയിരിപ്പ് (320200111 ശീർഷകത്തിൽ 2107630 രൂപ + 320200112 ശീർഷകത്തിൽ 804473 രൂപ= 2912103 രൂപ) ബി-11 ഷെഡ്യൂളിലെ നീക്കിയിരിപ്പ് (450610102 ശീർഷകത്തിൽ 2937103 രൂപ) വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24879834.65 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85657976.00 |
| ആകെ | 110537810.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84595723.00 |
| നീക്കിയിരിപ്പ് | 25942087.65 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,207 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80,49,324 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14771000 | 14771000 | 14029914 | 741086 | 94.98 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3963000 | 3963000 | 3591094 | 371906 | 90.61 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 299000 | 299000 | 299000 | 0 | 100 |
| സംരക്ഷണഗ്രാന്റ് | 0 | 14306400 | 14306400 | 9326837 | 4979563 | 65.19 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5592903 | 5592903 | 2323805 | 3269098 | 41.54 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 4107545 | 4107545 | 2894652 | 1212893 | 70.47 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 8748439 | 8748439 | 4802211 | 3946228 | 54.89 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 0 | 12110404 | 12110404 | 12061572 | 48832 | 99.59 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1234992 | 624845 | 1859837 | 753992 | 1105845 | 40.54 |
| ശുചിത്വമിഷൻ ഗ്രാന്റ് | 3676194 | 422750 | 4098944 | 1308230 | 2790714 | 31.91 |

വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് 1432333/- രൂപ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുക ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത വ്യത്യാസത്തിന് വിധേയമായിട്ടാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

| പ്രോജക്റ്റ് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 182/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 168667 | വികസനഫണ്ട് പൊതുവിഭാഗം |
| 204/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 168666 | വികസനഫണ്ട് പൊതുവിഭാഗം |
| 180/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 365000 | വികസനഫണ്ട് പൊതുവിഭാഗം |
| 181/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 365000 | വികസനഫണ്ട് പൊതുവിഭാഗം |
| 203/22 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 365000 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1432333 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 38102 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതിഅവലോകനം

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 20.01.2021 ലെ 10(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 02.02.2021, 12.02.2021 എന്നീ തീയതികളിൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 13.02.2021 മുതൽ 21.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 10.05.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 02.1.2022 തീയതിയിലെ ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 22.02.2022 ലും ഊരുകൂട്ടം 19.01.2022 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 20.05.2021 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022 ലെ 81898/21/ DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 165 | 112108519 | 121 | 51851339 | 44 | 73.33 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1357707 | 4 | 959630 |
| വെറ്റിനറി സർജൻ | 5 | 1674600 | 4 | 899100 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 8 | 2940000 | 7 | 2063115 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 200000 | 1 | 200000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 126000 | 2 | 126000 |
| വി.ഇ.ഒ | 16 | 35842800 | 14 | 12081424 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4768000 | 4 | 3767692 |
| സെക്രട്ടറി | 24 | 12198713 | 16 | 6600736 |
| അസിസ്റ്റന്റ് എൻജിനീയർ | 86 | 50048899 | 60 | 23350633 |
| ഹെഡ് മാസ്റ്റർ | 3 | 450000 | 3 | 300000 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 1158000 | 3 | 164409 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1193800 | 2 | 1188600 |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 1 | 150000 | 1 | 150000 |
| ആകെ | 165 | 112108519 | 121 | 51851339 |

9361653/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 9361653/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 14771000 | 14029914 | 741086 |
| വികസന ഫണ്ട് (എസ്.സി.പി) | 3963000 | 3591094 | 371906 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 14306400 | 9326837 | 4979563 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5592903 | 2323805 | 3269098 |
| ആകെ | | | 9361653 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 93 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 6689184 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പെടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 6689184/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 2773184/- രൂപ, സോഷ്യോ ഇക്കണോമിക് യൂണിറ്റിൽ നിക്ഷേപിച്ച 300000/- രൂപ, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3616000 രൂപ എന്നിവയുടെ വിനിയോഗ വിവരമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 160 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 460 പ്രവൃത്തികളാണ് വിഭാവനം ചെയ്യത്. 224 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 65 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 120.61 ലക്ഷം രൂപ. 29142 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 107 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 7 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 224 അയൽക്കൂട്ടങ്ങളിൽ 96 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 517 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണവും കയർഭൂവസ്ത്രം വിരിക്കലും, കാർഷിക കുളം, വൃക്ഷത്തൈ നടീൽ, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 0 | 477034 | 477034 | 428202 | 48832 |
| ഇ.എഫ്.എം.എസ് | 0 | 11633370 | 11633370 | 11633370 | 0 |
| | 0 | 12110404 | 12110404 | 12061572 | 48832 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,880.00 | 05 |
| വാർദ്ധക്യകാല പെൻഷൻ | 4,93,73,400.00 | 2961 |
| കർഷക തൊഴിലാളി പെൻഷൻ | 4,29,44,00.00 | 247 |
| വിധവ പെൻഷൻ | 1,09,44,200.00 | 677 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 3,80,800.00 | 22 |
| വികലാംഗ പെൻഷൻ | 45,39,800.00 | 267 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000.00 | 07 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 823/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം സാംഖ്യ സോഫ്റ്റ്‌വെയർ വഴിയാണ് ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 1.4.2022 മുതൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022 മുതൽ 21.07.2022 വരെ | 07/2021 മുതൽ 03/2022 വരെ | എസ് സി1-3475 തീയതി 14.10.2022 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 15.02.2020 മുതൽ 27.02.2020 വരെ | 2014-15 മുതൽ 2018-19 വരെ | എൽബിഎ (എച്ച്.ക്യൂ)II/8എ-139/2019-2020/574 തീയതി 17.03.2020 |

## 1-11 വസ്തുനികുതി നിർണ്ണയം - തറ നിർമ്മിതിക്കനുസൃതമായി വർദ്ധന വരുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടം 6 പട്ടിക 6 പ്രകാരം തറനിർമ്മിതിയുടെ തരം (മേൽതരം) അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതി കണക്കിലെടുത്തതായി കാണുന്നില്ല.

| കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച മീ) |
|---|---|---|---|
| 8/38 B | ബാബു ഇ കുര്യാക്കോസ് | പാർപ്പിടാവശ്യം | 295.92 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/26.11.2022) മേൽ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്. പുനർനിർണ്ണയിച്ച പ്രകാരമുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരമുള്ള നികുതി നിർണ്ണയങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡ് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | I/31 A | അഖിൽ ജോസഫ് | തിരുവമ്പാടി - ഇറങ്ങാൽ റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | I/32 A | ജോൺ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | I/314 B | മേരിക്കുട്ടി കെ വി | മണർകാട് - തിരുവഞ്ചൂർ റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | I/426 A | ഷാജി പി എൻ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | XVII/121 D | സൂര്യ രാമചന്ദ്രൻ | കണിയാംകുന്ന് - പാറഗൺപ്പടി റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | XVII/162 B | അച്ചാമ്മ | കണിയാംകുന്ന് - പാറഗൺപ്പടി റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/26.11.2022) മറുപടിയായി മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഫോം 6 സഹിതം ഹാജരാക്കിയിട്ടുണ്ട്. ഇത്തരം അപാകത മറ്റ് കെട്ടിടങ്ങൾക്കും നിലനിൽക്കുന്നുണ്ടോയെന്ന് വിശദമായ പരിശോധന നടത്തേണ്ടതും മേൽ അപാകതകൾ നിലനിൽക്കുന്നുണ്ടെങ്കിൽ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| ഫാ. മനോജ് സ്കറിയ | XVII/468 B (വാണിജ്യം) | ദ്വിതീയം |
| | XVII/468 C (പാർപ്പിടം) | പ്രഥമം |
| ജേക്കബ് കെ വർഗ്ഗീസ് | VII/387 A (വാണിജ്യം) | ദ്വിതീയം |
| | VII/387 B (പാർപ്പിടം) | പ്രഥമം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/26.11.2022) മേൽ കെട്ടിടങ്ങളുടെ മേഖല മാറ്റി പുനർനിർണ്ണയം നടത്തിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകതകൾ വസ്തുനികുതി നിർണ്ണയത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് വിശദമായ പരിശോധനകൾ നടത്തേണ്ടതും, ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മണർകാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | II/139 C | റിലയൻസ് ഇൻഫ്രാടെൽ | 2019-20 രണ്ടാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 52761 |
| 2 | II/299 A | ബി എസ് എൻ എൽ | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 242676 |
| 3 | VIII/122 B | ബി എസ് എൻ എൽ | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 173340 |
| 4 | XIII/119 A | ബി എസ് എൻ എൽ | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 121338 |

| | | | | |
|---|---|---|---|---|
| 5 | XIII/195 | റിലയൻസ് ഇൻഫ്രാടെൽ | 2019-20 രണ്ടാം അർദ്ധവർഷം മുതൽ 2021-22 രണ്ടാം അർദ്ധവർഷം വരെ | 51586 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/26.11.2022) ക്രമ നം. 2, 3, 4 എന്നിവയുടെ 2021-22 വർഷം വരെയുള്ള നികുതി പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും ആർ ആർ നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ റവന്യൂ വകുപ്പിനുള്ള റിക്കവറി ചാർജ്ജ് കൂടി അടവാക്കിയാൽ മാത്രമേ മേൽ കുടിശ്ശിക തുക രസീത് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. കുടിശ്ശിക നികുതിയിനത്തിൽ 25.04.2022, 26.04.2022 തീയതികളിലായി യഥാക്രമം 4,77,683/- രൂപയും 59,736/- രൂപയും വീതം ആകെ 5,37,419/- രൂപ കാനറാ ബാങ്ക് മണർകാട് ശാഖയിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 0779101009133) ക്രെഡിറ്റ് ചെയ്തിട്ടുള്ളതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടുണ്ട്. രസീത് പ്രകാരമല്ലാതെ പഞ്ചായത്ത് അക്കൗണ്ടിൽ തുക വരവ് വരുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ റിക്കവറി ചാർജ്ജ് കൂടി ഈടാക്കി വസ്തുനികുതി കുടിശ്ശിക തുക ഒഴിവാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് തുക വരവ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നം. 1, 5 എന്നിവയുടെ നികുതി ഉടൻതന്നെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | യെസ് ഹോമിയോപതി, തിരുവഞ്ചൂർ |
| 2 | മാലി ഡെന്റൽ ക്ലിനിക്ക്, തിരുവഞ്ചൂർ |
| 3 | എസ്.ബി.ഐ തിരുവഞ്ചൂർ |
| 4 | ബി.എസ്.എൻ.എൽ, തിരുവഞ്ചൂർ |
| 5 | സെൻട്രൽ ബസാർ സൂപ്പർമാർക്കറ്റ്, മണർകാട് |
| 6 | ഭാരത് ബെൻസ് ഷോറൂം , മണർകാട് |
| 7 | പാർക്ക് ലിൻ റെസ്റ്റോറന്റ്, മണർകാട് |
| 8 | ശ്രീ ഗോകുലം ചിട്ട് ഫണ്ട്, മണർകാട് |
| 9 | നിർമ്മലം ഡെന്റൽ ക്ലിനിക്, മണർകാട് |
| 10 | സെന്റ് മേരീസ് ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്, മണർകാട് |
| 11 | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്, മണർകാട് |
| 12 | മത്സ്യഫെഡ് , മണർകാട് |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/29.11.22) പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി | 1, 2 |
| 2 | മുത്തൂറ്റ് മൈക്രോ ഫിൻ | 1 |
| 3 | സപ്ലൈകോ | 1 |
| 4 | അദ്ധ്യാപക അർബൻ കോപ്പറേറ്റീവ് ബാങ്ക് | 1, 2 |
| 5 | പാരഗൺ പോളിമർ പ്രോഡക്ട്സ് | 1, 2 |
| 6 | ജെ.ജെ ഫിൻവെസ്റ്റ് | 1, 2 |
| 7 | ആക്സിസ് ബാങ്ക് | 1, 2 |
| 8 | റിലയൻസ് റീടെയ്ൽ | 1, 2 |
| 9 | ഫ്രഷ് ആന്റ് കൂൾ ലിമിറ്റഡ് ഹൈപ്പർമാർക്കറ്റ് | 1, 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29.11.22) മറുപടി പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-17 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഉടമസ്ഥൻ | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജെ.കെ എന്റർപ്രൈസസ് | മോസസ്സ് ടി ജോർജ്ജ് | 11 |

| | | | |
|---|---|---|---|
| 2 | രാജ് റീജന്റ് | കൃഷ്ണ രാജ് | 10 |
| 3 | എ.വി.എം റബേഴ്സ് | ടി.എം എബ്രാഹം | 29 |
| 4 | ലിബർട്ടി മെഡ് സപ്ലൈസ് | ബെനഡിക്ട് ബോബി സെബാസ്റ്റ്യൻ | 10 |
| 5 | ജിയോ റബർ ഇൻഡസ്ട്രീസ് | സുനില ജേക്കബ് | 9 |
| 6 | ബെസ്റ്റ് ബേക്കേഴ്സ് | എം. ശ്രീജ | 19 |
| 7 | ബേസ് ഹോസ്പിറ്റൽ | സൈറു ചാണ്ടി | 15 |
| 8 | ഹോട്ടൽ മൊണാർക്ക് | എം.വി എബ്രാഹം | 7 |
| 9 | കെ.ആർ ബേക്കേഴ്സ് | എ. ബാലൻ | 7 |
| 10 | ഗുഡ് ന്യൂസ് ഓഫ് സെറ്റ് | ബിനു ടി ജോഷി | 7 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/29.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-18 ലൈസൻസ് നൽകൽ - നടപടിക്രമങ്ങളിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ച് (IFTEOS) 2018 വർഷം മുതൽ നിലവിലുള്ളതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരമാണ് ഓഡിറ്റ് വർഷം ലൈസൻസ് നൽകിയിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷം ആകെ 516 സ്ഥാപനങ്ങളാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം 579 സ്ഥാപനങ്ങൾ ലൈസൻസ് നേടിയിരുന്നു. കോവിഡ് മഹാമാരിയുടെ സാഹചര്യം നിലനിന്നിരുന്നിട്ടും 2020-21ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളേക്കാൾ എണ്ണത്തിൽ കുറവ് വന്നതിൽ നിന്നും സ്ഥാപനങ്ങൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരേ സ്ഥലം ഒന്നിലധികം ആവശ്യങ്ങൾക്ക് ഒരേ വ്യക്തി ഉപയോഗിക്കുന്ന പക്ഷം പ്രസിഡന്റ് അങ്ങനെയുള്ള എല്ലാ ആവശ്യങ്ങൾക്കുമായി ഒരു ക്യുമിലേറ്റീവ് ലൈസൻസ് നൽകേണ്ടതാകുന്നു. ( മേൽ ചട്ടങ്ങളിൽ ചട്ടം 11). ക്യുമിലേറ്റീവ് ലൈസൻസിനുള്ള ഫീസ് രണ്ടാം പട്ടിക പ്രകാരം ഒന്നാകെ പഞ്ചായത്തിന് നിശ്ചയിക്കാവുന്നതുമാണ്. ഇപ്രകാരമല്ലാതെയും ലൈസൻസ് നൽകിയതായി കാണുന്നു. (ഉദാഹരണം ശ്രീ.പ്രവീൺകുമാർ, കൺവീനർ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്, അപേക്ഷ പ്രകാരം ഉൽപാദന മേഖലയിൽ മൂലധന നിക്ഷേപം- 20 ലക്ഷം രൂപ സേവന മേഖലയിൽ മൂലധന നിക്ഷേപം- 15 ലക്ഷം, രൂപ )

2) ഫുഡ് ആന്റ് സെയ്ഫ്റ്റി ലൈസൻസ് ഹാജരാക്കാതെ ഹോട്ടലുകൾ ബേക്കറികൾ മുതലായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നു. (ഉദാഹരണം- ഏലിയാസ് തോമസ്സ് കപ്യാരുപറമ്പിൽ, ബാബു.പി.എൽ. പേരത്തൊട്ടിയിൽ, വിഷ്ണു പി.എസ്, പുളുപ്പറമ്പിൽ എന്നിവരുടെ സ്ഥാപനങ്ങൾ )

3) മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഇല്ലാതെ പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. (ഉദാഹരണം കുരുവിള മാണി, പാറയിൽ എന്നയാളുടെ പെട്രോൾ പമ്പ്)

4) കാലപരിധി കഴിഞ്ഞ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. (ഉദാഹരണം റ്റീന സാറാ തോമസ്സിന്റെ ഉടമസ്ഥതയിലുള്ള തരുൺ ഇൻഡസ്ട്രീസ്- മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ കാലപരിധി 31.12.2019 വരെ മാത്രം )

5) അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്തതും, അനുബന്ധ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമല്ല. ( ഉദാഹരണം മെർലിൻ റസിഡൻസി, ത്രീ സ്റ്റാർ ഹോട്ടൽ)

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷവും പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പരിധിയിൽ വരുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ് .

എ) ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പുതുക്കിയ ചട്ടങ്ങൾ പ്രകാരം 500/- രൂപ മുതൽ 15,000/- രൂപ വരെ വിവിധ വാണിജ്യ വ്യവസായങ്ങൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഉൽപാദന/സേവന മേഖല തിരിച്ച് പരമാവധി ഫീസ് ചുമത്താവുന്നതാണ്. 2021-22വർഷം ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചപ്പോൾ ഏതാനും സ്ഥാപനങ്ങളിൽ നിന്നും മേൽ പ്രസ്താവിച്ച ചട്ടങ്ങളിലെ പട്ടിക 11 പ്രകാരം ഈടാക്കാവുന്ന ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | സ്ഥാപനം ഉൾപ്പെട്ട മേഖല | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം | ഈടാക്കേണ്ട ഫീസ് | ഫീസ് ഈടാക്കിയതിന്റെ വിവരം | കുറവ് |
|---|---|---|---|---|---|---|
| 1 | ജിബിൻ ജോർജ്, ഇഞ്ചക്കാട്ട്, മെറീന ടെക്സ്റ്റയിൽസ് | സേവന മേഖല | 20 ലക്ഷം രൂപ | 1000/ രൂപ | 500/ രൂപ | 500/രൂപ |
| 2 | ബിനു.റ്റി.ജോയി, താഴത്തേടത്ത്, ഹോസ്റ്റൽ | സേവന മേഖല | 24.5 ലക്ഷം രൂപ (മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) | 1000/ രൂപ | 500/ രൂപ / 121030103591/ 06.01.22 | 500/രൂപ |
| 3 | റീന.കെ.സാമുവേൽ, താഴത്തേടത്ത്, ഹോസ്റ്റൽ | സേവന മേഖല | 29.5 ലക്ഷം രൂപ (മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) | 1000/ | 500/ 121030103590/ 06.01.22 | 500/ |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/28.11.22ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന ഫീസ് ഈടാക്കി അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) മോട്ടോർഫീസ് ഈടാക്കുന്നതിലെ അപാകതകൾ

പുതുക്കിയ ചട്ടങ്ങളിൽ ചട്ടം 12 പ്രകാരമാണ് ഫാക്ടറികളും യന്ത്രസാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും ഫീസ് ഈടാക്കേണ്ടതും. 2021-22വർഷം ഗ്രാമപഞ്ചായത്തിൽ ഫാക്ടറികളും യന്ത്രസാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച ചില സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങൾ സ്ഥാപിച്ചതിന്റേയും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റേയും ഫീസ് ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ ലഭ്യമായിരുന്നില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/28.11.22ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഒരു സ്ഥാപനത്തിന്റെ ഒഴികെ ഫീസ് ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി. സുരേഷ്.കെ.എബ്രഹാം, കണിയാംപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റിൽ നിന്നും 17 HP മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് ഇനത്തിൽ 200/- രൂപ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-19 ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ളത് 6.06 ലക്ഷം

2016-17 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. പഞ്ചാത്ത് ഫണ്ടിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 22890 |
| 2017-18 | 161780 |
| 2018-19 | 145943 |
| 2019-20 | 91280 |
| 2020-21 | 72410 |
| 2021-22 | 112050 |
| ആകെ | 606353 |

ലഭിക്കാനുള്ള തുക സെക്രട്ടറിയുടെ പേരിൽ കാനറാ ബാങ്കിലുള്ള 0779101009133 നമ്പർ അക്കൗണ്ടിലേക്ക് നല്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 14-11-22 ൽ GL/290/2022 നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചിട്ടില്ല. കുടിശികയായ തുക ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം വിശദാംശങ്ങൾ ലഭ്യമാക്കി ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വിനിയോഗിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം B-4 ഷെഡ്യൂളിൽ 320200399, 320700305 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 1800600, 1000000 എന്നീ തുകകൾ അവശേഷിക്കുന്നു. മേൽ ശീർഷകങ്ങളിലെ തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/30.11.2022) പ്രസ്തുത തുകകൾ യഥാക്രമം അരീപറമ്പ് ക്ഷേത്ര കുള പുനരുദ്ധാരണത്തിനായും പട്ടിക ജാതി വിഭാഗത്തിന് സ്ഥലം വാങ്ങുന്നതിനായും ലഭിച്ച തുകകളാണെന്ന് അറിയിച്ചിട്ടുണ്ട്. വർഷങ്ങളായി ഇത്തരം തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നത് അഭികാമ്യമല്ലാത്തതിനാൽ മേൽ തുകകൾ പൂർണ്ണമായി ചെലവഴിക്കുന്നതിനോ സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല

2020-21 രണ്ടാം അർദ്ധവർഷത്തെ ലൈബ്രറി സെസ്സ് ഇനത്തിൽ വൗച്ചർ നം. 22100443/ 25.08.21 പ്രകാരം ലൈബ്രറി കൗൺസിലിലേയ്ക്ക് അടവാക്കിയ തുകയ്ക്ക് ലൈബ്രറി കൗൺസിലിൽ നിന്നും കൈപ്പറ്റ് രേഖ ലഭ്യമാക്കിയിട്ടില്ല.

| ചെലവ് വിവരം | വൗച്ചർ നം/ചെക്ക് നം./ തീയതി | തുക |
|---|---|---|
| ലൈബ്രറി സെസ്സ് 2020-21 സെക്കന്റ് ഹാഫ് | 22100443/438270/ 25.08.2021 | 3,70,685/- |

അപാകത ശ്രദ്ധയിൽപ്പെടുത്തി വിനിയോഗരേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.19/28.11.2022) മറുപടിയായി ബാങ്ക് ട്രാൻസാക്ഷന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

1-22 കരാർ ജീവനക്കാരുടെ സേവനവിവരങ്ങൾ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനവിവരങ്ങൾ രേഖപ്പെടുത്തി സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | റിന്റു എം കോര | അക്രഡിറ്റഡ് എഞ്ചിനീയർ, (എം എൻആർഇജിഎ) |
| 2 | ബിന്ദു അനീഷ് | അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എം എൻആർഇജിഎ) |
| 3 | ആര്യ ഷാജി | ടെക്നിക്കൽ അസിസ്റ്റന്റ് |

ആർജിതാവധി, ആർജിതാവധി സറണ്ടർ തുടങ്ങിയ സേവനവിവരങ്ങൾ രേഖപ്പെടുത്തി സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-23 പൊതുടാപ്പ്- വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 3/22 പൊതുടാപ്പ് കരം (വാട്ടർ അതോറിറ്റി) എന്ന പ്രോജക്റ്റിനായി റോഡിതരം ഫണ്ടിൽ നിന്നും 875756/- രൂപയും തനത് ഫണ്ടിൽ നിന്നും 22864/- രൂപയും ഉൾപ്പെടെ ആകെ 898620/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 163 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലാണ് തുക ഒടുക്കുന്നത്. പ്രതിമാസം 74885/- രൂപ നിരക്കിലാണ് ബിൽ ലഭിക്കുന്നത്. വാട്ടർ അതോറിറ്റിയിൽ നിന്നും 19.04.21 ൽ ലഭിച്ച 4/21 ലെ 51488 നമ്പർ ബിൽ പ്രകാരം തൻമാസം ഒടുക്കേണ്ട തുക 74885/- രൂപയും, മുൻപ് ഒടുക്കാൻ അവശേഷിക്കുന്ന തുകയായി 531713/- രൂപ എന്നും കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ വെള്ളക്കരം കുടിശ്ശിക ഉള്ളതായി കാണുന്നു.

വാട്ടർ അതോറിറ്റിയിൽ നിന്നും 16.03.22 ൽ ലഭിച്ച 3/22ലെ 61633 നമ്പർ ബിൽ പ്രകാരം തൻമാസം

ഒടുക്കേണ്ട തുക 74885/- രൂപയും, മുൻപ് ഒടുക്കാൻ അവശേഷിക്കുന്ന തുകയായി 670202/- രൂപ എന്നും കാണിച്ചിരിക്കുന്നു. സാമ്പത്തിക വർഷാരംഭം മുതൽ ഓരോമാസവും വെള്ളക്കരം കൃത്യമായി ഒടുക്കിയിട്ടും ഇപ്രകാരം വെള്ളക്കരം കുടിശ്ശിക കൂടി വരുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ബില്ലുകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 163 പൊതുടാപ്പുകൾ നിലനിൽക്കുന്നതായി കാണുന്നു. 163 പൊതുടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് പഞ്ചായത്ത് പരിശോധന നടത്തിയിട്ടുണ്ടോ എന്നും, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/28.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റിയിൽ നിന്നും മറുപടി ലഭ്യമായില്ല എന്നും പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി എന്നും 5 ടാപ്പുകൾ ഒഴികെയുള്ളവ ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്നറിയിച്ചു. വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് അടിയന്തിര ഇടപെടലുകൾ നടത്തി പഞ്ചായത്തിന് അധിക ബാദ്ധ്യത ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല.

2021-22 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിവരങ്ങൾ | ഒടുക്കിയതുക ഫണ്ടിനം | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 105/22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1794939/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിറ്റി | CPSMS2206700201-1578939/ രൂപ CPSMS2206800166-216000/ രൂപ |
| 2 | 166/22 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1821061/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിറ്റി | 25/21-22/ 18.11.21 |
| 3 | 216/22 പോസ്റ്റ് ഷിഫ്റ്റിംഗ് | 139311/-രൂപ തനത്ഫണ്ട് | കെ.എസ്.ഇ.ബി. | XY-5118398/ 25.3.22/ 33420 XY-5118397/ 25.3.22/ 105891 |
| | ആകെ | 3755311/-രൂപ | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/29.11.22ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 37,55,311/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ഭവനപുനരുദ്ധാരണം - അപാകതകൾ

വി.ഇ.ഒ. നടപ്പാക്കിയ നമ്പർ 68/22 ഭവനപുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 1996730/- രൂപയും തനത് ഫണ്ടിൽ നിന്നും 175000/- രൂപയും ഉൾപ്പെടെ ആകെ

2171730/- രൂപ ചെലവഴിച്ചിട്ടുണ്ട്. പിൻവലിച്ച തുക 50 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരു ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിന് 50000 രൂപയാണ് ധനസഹായം നിശ്ചയിച്ചിരുന്നത്. ഇതിൽ 25000 രൂപ അഡ്വാൻസ് നൽകുന്നു. ബാക്കി തുക ഭവനപുനരുദ്ധാരണം നടത്തി സാങ്കേതികവിഭാഗത്തിൽ നിന്നും മൂല്യനിർണ്ണയം നടത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നു. അഡ്വാൻസ് തുക കൈപ്പറ്റിയ 50 ഗുണഭോക്താക്കളിൽ 19 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച്, സാങ്കേതിക വിഭാഗത്തിൽ നിന്നും നടത്തിയ പ്രവൃത്തികൾ മൂല്യനിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കി അവസാനഗഡു കൈപ്പറ്റിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും സാങ്കേതിക വിഭാഗത്തിൽ നിന്നും ഹാജരാക്കിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ചെയ്ത ഇനങ്ങളുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല. അളവ് രേഖപ്പെടുത്താതെ മൂല്യനിർണ്ണയം നടത്തിയത് എപ്രകാരമെന്ന് വ്യക്തമല്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മൂല്യനിർണ്ണയം നടത്തിയതിന് ശേഷമാണ് തുക അനുവദിച്ചത് എന്ന് ഉറപ്പാക്കാനാകുന്നുമില്ല.

2) ശ്രീമതി. ശാന്തമ്മ ശശിധരൻ, മലയിൽ കുന്നുംപുറത്ത് എന്ന ഗുണഭോക്താവ് സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള മൂല്യനിർണ്ണയം സർട്ടിഫിക്കറ്റ് ഹാജരാക്കാതെ 28.12.21ൽ 25000/- രൂപ അനുവദിച്ചു.

3) അഡ്വാൻസ് കൈപ്പറ്റിയ ശ്രീ.ബേബി പത്രോസ്, ശ്രീമതി വൽസല തങ്കച്ചൻ, കാട്ടിപ്പറമ്പിൽ, ശ്രീ.തോമസ് കെ.എ., കിണറ്റുകരപറമ്പിൽ, ശ്രീ.ബാബു.സി.എം., ചിറയിൽ എന്നീ നാല് ഗുണഭോക്താക്കൾ പ്രവൃത്തി നടത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/29.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലാണ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ അളവുകൾ രേഖപ്പെടുത്താത്തത് സംബന്ധിച്ച് അറിയാൻ കഴിയാതെ പോയത് എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ചെയ്ത ഇനങ്ങളുടെ അളവ് സൂചിപ്പിക്കാതെ മൂല്യനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതും, നൽകുന്ന സർട്ടിഫിക്കറ്റുകൾ ക്രമപ്രകാരം തന്നെ നൽകുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിഭാഗത്തിന് നൽകേണ്ടതുമാണ്.

ശ്രീമതി ശാന്തമ്മ ശശിധരൻ, മലയിൽ കുന്നുംപുറത്ത് എന്ന ഗുണഭോക്താവിന് സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ അവസാന ഗഡു (28.12.21 ൽ 25000/- രൂപ) അനുവദിച്ചതിനുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നാണ് വിശദീകരണത്തിൽ അറിയിച്ചിട്ടുള്ളത്. ആദ്യഗഡു 25000/- രൂപ അനുവദിച്ചത് ബിൽ നമ്പർ XVFC/21-22/P/2/ പ്രകാരം 30.11.21ലും അവസാന ഗഡു 25000/- രൂപ അനുവദിച്ചത് ബിൽ നമ്പർ XVFC/21-22/P/7/ പ്രകാരം 27.12.21ലുമാണ്. പ്രവൃത്തി പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം നൽകേണ്ട അവസാന ഗഡു അപ്രകാരമല്ലാതെ നൽകിയത് അംഗീകരിക്കാവുന്നതല്ല. ടി ചെലവ് തുക 50000/- രൂപയും ക്രമനമ്പർ (3) പ്രകാരം പരാമർശിച്ചിട്ടുള്ള 4 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അഡ്വാൻസ് നൽകിയ 100000/- രൂപയുൾപ്പെടെ ആകെ 150000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 വീട് വാസയോഗ്യമാക്കൽ -അപാകതകൾ

വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ട് നമ്പർ 116/22 വീട് വാസയോഗ്യമാക്കൽ (SO) (എസ്.സി) എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും 342000/- രൂപയും തനത് ഫണ്ടിൽ നിന്നും 83000/- രൂപയും ഉൾപ്പെടെ ആകെ 425000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പിൻവലിച്ച തുക 6 ഗുണഭോക്താക്കൾക്കായാണ് വിതരണം ചെയ്തിട്ടുള്ളത്. ലഭ്യമാക്കിയ രജിസ്റ്ററിൽ മുൻവർഷം നൽകിയ

തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ തൻവർഷം തുക അനുവദിച്ച 5 ഗുണഭോക്താക്കളുടെ ഫയലിൽ സാങ്കേതിക വിഭാഗത്തിൽ നിന്നും പ്രവൃത്തികൾ മൂല്യനിർണ്ണയം നടത്തി നൽകിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ അവസാന ഗഡു തുക അനുവദിച്ചതായി കാണുന്നു.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/28.11.22 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ശാന്തമ്മ രാജൻ, വാലായിൽ, മോഹനൻ.സി.ജി, ചേലക്കുന്നേൽ, കെ.കെ.സുകുമാരൻ, മുതിരക്കല്ലുങ്കൽ എന്നീ മൂന്ന് ഗുണഭോക്താക്കളുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന രണ്ട് ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തികളുടെ മൂല്യനിർണ്ണയം സംബന്ധിച്ച വിവരം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും മൂല്യനിർണ്ണയം നടത്താതെയാണ് അവസാന ഗഡു അനുവദിച്ചത് എന്ന് വ്യക്തമാണ്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | തൻവർഷം നൽകിയ തുക | ബിൽ ചെക്ക് വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മനേഷ് പി.റ്റി, പെരുമന വടക്കേതിൽ | 50000/ | 1/ 6.8.21 | മുൻ വർഷം നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ല |
| 2 | ചെല്ലമ്മരാജൻ, പത്തിൽചിറ | 25000/ | 3/ 3.9.21 | മുൻവർഷം നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ല |

മുൻ വർഷം നൽകിയ തുകയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്നതും വസ്തുതാ വിരുദ്ധമാണ്. ഫണ്ട് റിക്വസിഷൻ ലഭിക്കുമ്പോൾ ചെലവനുവാദം നൽകുന്നയാളും, ചെലവനുവാദത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന ഉദ്യോഗസ്ഥനും മുൻപ് നൽകിയ തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി മാത്രം തുക അനുവദിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച രണ്ട് ഗുണഭോക്താക്കൾക്കായി തൻവർഷം ചെലവഴിച്ച 75000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 പഠനമുറി നിർമ്മാണം - അപാകതകൾ

വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ട് നമ്പർ 6/22 പഠനമുറി നിർമ്മാണം (എസ്.സി) എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി, ഫണ്ടിൽ നിന്നും 600000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പിൻവലിച്ച തുക 4 ഗുണഭോക്താക്കൾക്കായാണ് വിതരണം ചെയ്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തി അനുവദിക്കാവുന്ന പരമാവധി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളത് ഒരു ഗുണഭോക്താവിന് മാത്രമാണ്. മറ്റ് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | നൽകിയ തുക | ബിൽ ചെക്ക് വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | അഭിലാഷ് വി.കെ, | 50000/<br>50000/<br>50000/<br>25000/<br>25000/ | 26/28.12.2<br>34/15.1.22<br>43/ 15.2.22<br>57/11.3.22<br>70/27.3.22 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ല |
| 2 | ബിജു എം.സി, മുതിരക്കുന്നേൽ | 50000/<br>50000/<br>50000/<br>25000/ | 34/15.1.22<br>53/22.2.22<br>57/11.3.22<br>70/27.3.22 | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3 | ആതിര മനു, മേലാട്ടുകുന്നേൽ | 50000/<br>50000/<br>50000/<br>25000/ | 43/ 15.2.22<br>53/22.2.22<br>57/11.3.22<br>70/27.3.22 | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 4 | അഭിജിത് മോഹൻ മറ്റത്തിപറമ്പിൽ | 50000/ | 57/11.3.22 | അഡ്വാൻസ് മാത്രം കൈപ്പറ്റി. |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/28.11.22ന് ലഭ്യമാക്കിയ മറുപടിയിൽ അഭിലാഷ് വി.കെ, എന്നയാളുടെ പഠനമുറിയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും മൂല്യനിർണ്ണയം നടത്താതെയാണ് അവസാന ഗഡു അനുവദിച്ചത് എന്ന് വ്യക്തമാണ്. 27.3.22 ൽ അവസാന ഗഡു അനുദിച്ചതിന് ശേഷം ഒൻപത് മാസങ്ങൾ കഴിഞ്ഞിട്ടും മൂല്യനിർണ്ണയം നടത്താത്തതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ച മനസ്സിലാക്കാവുന്നതാണ്. ഫണ്ട് റിക്വസിഷൻ ലഭിക്കുമ്പോൾ ചെലവനുവാദം നൽകുന്നയാളും, ചെലവനുവാദത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന ഉദ്യോഗസ്ഥനും ആവശ്യമായ പരിശോധനകൾ നടത്തുന്നില്ല എന്ന് കാണുന്നു. മറ്റ് മൂന്ന് ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 6,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 വീട് വാസയോഗ്യമാക്കൽ (എസ്.സി) പ്രോജക്ട് നമ്പർ 7/22 - അപാകതകൾ

വി.ഇ.ഒ. നടപ്പാക്കിയ പ്രോജക്ട് നമ്പർ 7/22 വീട് വാസയോഗ്യമാക്കൽ (എസ്.സി) എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി, ഫണ്ടിൽ നിന്നും 12,01,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 13 ഗുണഭോക്താക്കൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 8 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് സാങ്കേതിക വിഭാഗത്തിൽ നിന്നും പ്രവൃത്തികൾ മൂല്യനിർണ്ണയം നടത്തി അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ട്. അവശേഷിക്കുന്ന 5 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും സാങ്കേതിക വിഭാഗത്തിൽ നിന്നും പ്രവൃത്തികൾ മൂല്യനിർണ്ണയം

നടത്താതെയാണ് തുക അനുവദിച്ചത്. അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | തൻവർഷം നൽകിയ തുക | ബിൽ ചെക്ക് വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | സാലി.പി.ഡി, ചിറപ്പുറം | 50000/ 25000/ | 17/ 22.12.21 36/17.01.22 | നിർമ്മാണം പൂർത്തികരിച്ചിട്ടില്ല |
| 2 | ബിനു.എൻ.മോഹൻ, നീലകണ്ഠഭവൻ | 50000/ 25000/ | 22/ 21.12.21 36/17.01.22 | നിർമ്മാണം പൂർത്തികരിച്ചിട്ടില്ല |
| 3 | സുരേഷ്കുമാർ.കെ.വി, വെട്ടിപ്പറമ്പിൽ | 50000/ 50000/ | 28/ 31.12.21 47/15.02.22 | മൂല്യനിർണ്ണയം നടത്താതെ അവസാന ഗഡു അനുവദിച്ചു . |
| 4 | കുഞ്ഞുമോൻ.റ്റി.പി, താന്നിമൂട്ടിൽ | 50000/ 50000/ | 32/15.1.22 61/17.3.22 | മൂല്യനിർണ്ണയം നടത്താതെ അവസാന ഗഡു അനുവദിച്ചു . |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/28.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ സാലി പി.ഡി, ചിറപ്പുറം, ബിനു എൻ.മോഹൻ എന്നിവർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും, സുരേഷ്കുമാർ കെ.വി, വെട്ടിപ്പറമ്പിൽ, കുഞ്ഞുമോൻ റ്റി.പി, താന്നിമൂട്ടിൽ എന്നിവരുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും മൂല്യനിർണ്ണയം നടത്താതെയാണ് അവസാന ഗഡു അനുവദിച്ചത് എന്ന് വ്യക്തമാണ്. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 3,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 വീട് വാസയോഗ്യമാക്കൽ (.ടി.എസ്.പി) പ്രോജക്ട് അപാകതകൾ

വി.ഇ.ഒ. നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടാണ് നമ്പർ 120/22 വീട് വാസയോഗ്യമാക്കൽ (ടി.എസ്.പി). ടി പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 50000/- രൂപയും തനത് ഫണ്ടിൽ നിന്നും 116000/- രൂപയും ഉൾപ്പെടെ ആകെ 1,66,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 50000/- രൂപ (Bill No. 30/21-22/10.01.22) ശ്രീമതി.രമ്യ വി.വി, വല്ലൂഴം, മണർകാട് എന്ന ഗുണഭോക്താവിനാണ് നൽകിയിട്ടുള്ളത്. ശ്രീമതി. രമ്യ വി.വി.യ്ക്ക് മുൻവർഷം എത്ര തുക നൽകിയിരുന്നു എന്നും, തൻവർഷം നൽകിയത് അവസാന ഗഡു ആണോ എന്നത് സംബന്ധിച്ച വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 116000/-രൂപയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/29.11.22 ന് ലഭ്യമാക്കിയ മറുപടിയിൽ 06.08.21 ലെ റിക്വിസിഷൻ പ്രകാരമാണ് തനത് ഫണ്ടിൽ നിന്നും 116000/- രൂപ ചെലവഴിച്ചത് എന്നും, പദ്ധതി നിർവ്വഹണ കാലഘട്ടത്തിലെ തിരക്കുകൾ മൂലമാണ് ഫയൽ പൂർണ്ണമാക്കി സൂക്ഷിക്കാത്തത് എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ കാലഘട്ടത്തിലെ തിരക്കുകൾ മൂലമാണ് ഫയൽ പൂർണ്ണമാക്കി സൂക്ഷിക്കാത്തത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ടിൽ നിന്നും 116000/- രൂപ (ചെക്ക് നമ്പർ XY-5118336/ 6.8.21) അജിത വി.ജി, സുരേന്ദ്രൻ കെ.ടി, നിർമ്മല കെ.ടി, എന്നീ മൂന്ന് പേർക്കായി യഥാക്രമം 50000/-, 16000/-, 50000/- എന്നിങ്ങനെയാണ് വിതരണം നടത്തിയിട്ടുള്ളത് എന്ന് പഞ്ചായത്ത് ഓഫീസിലെ രേഖകൾ പ്രകാരം വ്യക്തമാകുന്നു. അപേക്ഷ പോലും തയ്യാറാക്കാതെ

തുക ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 1,66,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ) പ്രോജക്ട് ഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

പ്രോജക്ട് വിശകലനം

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ഫണ്ടിനം |
|---|---|---|
| 11/ 22 ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി | 2936000/-രൂപ<br>40000/-രൂപ<br>1120000/- രൂപ<br>ആകെ-<br>4456000/- രൂപ | വികസനഫണ്ട്<br>ബ്ലോക്ക് ബിഹിതം<br>ജില്ലാപഞ്ചായത്ത് വിഹിതം |
| 80/22 ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (ടി.എസ്.പി) | 101000/- രൂപ<br>299000/- രൂപ<br>160000/- രൂപ<br>ആകെ-<br>560000/- രൂപ | വികസനഫണ്ട്<br>ടി.എസ്.പി<br>ജില്ലാപഞ്ചായത്ത് വിഹിതം |
| 79/22 ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ്.സി) | 902000/- രൂപ<br>360000/- രൂപ<br>ആകെ<br>1262000/- രൂപ | എസ്.സി.പി<br>ജില്ലാപഞ്ചായത്ത് വിഹിതം |
| ആകെ ചെലവ് | 6278000/- രൂപ | |

ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹാജരാക്കിയ ലൈഫ് ഭവനപദ്ധതി രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കിയിട്ടുള്ളതല്ല. രജിസ്റ്ററിൽ 2019-20 സാമ്പത്തിക വർഷത്തെ 5 ഗുണഭോക്താക്കളുടെ വിവരവും, 2020-21 സാമ്പത്തിക വർഷം 12 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങിയതിന്റെ വിവരവും ചേർത്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ഒന്നും രജിസ്റ്ററിൽ ചേർത്തിട്ടില്ല. 2021-22ൽ പുതുതായി 11 ഗുണഭോക്താക്കളുടെ വിവരങ്ങളും, 7 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങിയതിന്റെ വിവരങ്ങളും മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഇതിനാൽ ഓഡിറ്റ് വർഷം വിവിധ ഫണ്ടിനങ്ങളിൽ നിന്നായി ചെലവഴിച്ച തുകയുടെ വിനിയോഗം പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും രജിസ്റ്റർ കാലികമല്ലാത്തതിനാൽ സാധിച്ചിട്ടില്ല.

2) ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമിവാങ്ങി നൽകുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ തയ്യാറാക്കാതെ ലൈഫ് ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ എഴുതിച്ചേർക്കുന്ന രീതിയാണ് നിലവിലുള്ളത്.

3) സ.ഉ.( കൈ) 34/2018/ തസ്വഭവ, തീയതി 16.03.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 17 ൽ മോണിട്ടറിംഗും, റിപ്പോർട്ടിംഗും സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ട ചുമതലയും സെക്രട്ടറിക്കാണ്. ഇപ്രകാരമുള്ള ചുമതലകൾ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്.

4) സ.ഉ.( കൈ) 34/2018/ തസ്വഭവ, തീയതി 16.03.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 6ൽ ധനസഹായം സംബന്ധിച്ച് പ്രതിപാദിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും തുക അനുവദിക്കേണ്ടത്. ധനസഹായം നാല് ഗഡുക്കളായി (പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 5 ഗഡുക്കളായും) വിതരണം ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഈ നിബന്ധന പാലിക്കാതെയാണ് ഗഡുക്കൾ അനുവദിക്കുന്നത്. ഇക്കാര്യത്തിൽ പഞ്ചായത്ത് തലത്തിലുള്ള ഇടപെടലുകൾ ഉണ്ടായില്ല.

5) നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺ ലൈനായി പ്രസിഡന്റിന് സമർപ്പിക്കുന്ന ഫണ്ട് റിക്വിസിഷനിൽ ഉൾപ്പെടുന്ന ചെലവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ സമർപ്പിക്കുന്നതിന് സോഫ്റ്റ്‌വെയറിൽ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അപാകത പരിഹരിക്കുന്നതുവരെ ഫണ്ട് റിക്വിസിഷനിൽ ഉൾപ്പെടുന്ന ചെലവ് സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാർഡ് കോപ്പിയായി സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

6) നിർവ്വഹണ ഉദ്യോഗസ്ഥൻ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും ഭവന നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

7) കരാർ ചമയ്ക്കുന്നതിന് സ്റ്റാമ്പ് പേപ്പർ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം അപേക്ഷകളിലും കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

8) ഗുണഭോക്താവ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം സംബന്ധിച്ച ഫോട്ടോ എടുത്ത് നൽകുന്നില്ല.

9) ഒരു ഫയലിലും മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. അതാത് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭവനനിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉൾപ്പടെ യാതൊരുവിധ പരിശോധനകളും നടത്തിയതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഭരണ വകുപ്പിൽ നിന്നും, ലൈഫ് മിഷനിൽ നിന്നും കൃത്യമായ പരിശോധനകൾ ഉണ്ടാകാത്തതിനാലാണ് ഇത്തരത്തിൽ രജിസ്റ്ററുകളും, രേഖകളും തയ്യാറാക്കാതെ ഫണ്ട് ചെലവഴിക്കപ്പെടുന്നത്. അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-31 ബൈപ്പാസ് നിർമ്മാണം ഗുണനിലവാര പരിശോധന അനിവാര്യം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21ൽ ഏറ്റെടുത്ത 184/22 നമ്പർ പ്രോജക്ടായ ബൈപ്പാസ് റോഡ് മെയിന്റനൻസിന് വികസന ഫണ്ടിൽ നിന്നും 20 ലക്ഷം വകയിരുത്തി 1856232/- രൂപ (306/25.03.22) ചെലവ് ചെയ്തിട്ടുണ്ട്. ആൽബിൻ പയസ് കരാറെടുത്ത പ്രവൃത്തിയുടെ ഇനം 5 ആയി ചെയ്തിട്ടുള്ളത് 800.83 ച മീ 100 Mm ഇന്റർ ലോക്ക് ബ്ലോക്കുകൾ വിരിക്കുകയാണ്. ഇതിന് ച മീ ന് 1056/- രൂപ പ്രകാരം 845708.20 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ടു നല്കിയ 13/26-11-22 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടി കൂടി പരിഗണിച്ച് താഴെ പറയുന്ന നിരീക്ഷണങ്ങൾ ഉൾപ്പെടുത്തുന്നു.

- MoRD സ്പെസിഫിക്കേഷൻ പ്രകാരം ആകെ ഉപയോഗിക്കുന്ന പേവർ ബ്ലോക്കുകളുടെ 5% ഭാവിയിലെ ആവശ്യത്തിനായി സ്റ്റാക്ക് ചെയ്യണമെന്ന് ഖണ്ഡിക 1504.3 നിഷ്കർഷിക്കുന്നു (IRC പ്രകാരം 1% മുതൽ 3% വരെ).ടി പ്രവൃത്തിയിൽ ഇപ്രകാരം ചെയ്തിട്ടില്ല. സ്റ്റാക്ക് ചെയ്യുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തതിനാലും ആവശ്യപ്പെടുന്ന പക്ഷം ഗ്യാരന്റി കാലയളവിന് ശേഷവും പേവർ ബ്ലോക്ക് എത്തിക്കാമെന്ന കരാറുകാരന്റെ ഉറപ്പ് പരിഗണിച്ചുമാണ് അധിക അളവ് സ്റ്റാക്ക് ചെയ്യാതിരുന്നത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. IRC, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് എന്നിവ പ്രകാരം 20 വർഷം മുന്നിൽ കണ്ടാണ് പ്രവൃത്തി നടത്തുന്നത് എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ 5% പേവർ ബ്ലോക്കുകളുടെ വില കരാറുകാരനിൽ നിന്ന് ഈടാക്കുകയോ, പേവർ ബ്ലോക്കുകൾ സ്റ്റാക് ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്. 5% പേവർ ബ്ലോക്കുകളുടെ വില ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വിരിച്ച പേവർ ബ്ലോക്ക് | 800.83 ച മീ |
| അധികമായി സ്റ്റാക്ക് ചെയ്യേണ്ടത് 5% | 40 ച മീ |
| ഡാറ്റാ പ്രകാരം 1 ച മീ വില | 670 |
| 40 ച മീറ്ററിന് വില 40*670 | 26800 |

- MoRDസ്പെസിഫിക്കേഷൻ 1504.2.1പ്രകാരം പേവർ ബ്ലോക്കുകൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് പാലിക്കേണ്ടതുണ്ട്. ആയത് പ്രകാരം 450 മുതൽ 1500 വരെ വാണിജ്യവാഹനങ്ങൾ പോകുന്ന ഹെവി ട്രാഫിക്ക് റോഡുകളിൽ M50 ഗ്രേഡ് 100 Mm പേവർ ബ്ലോക്കുകൾ ഉപയോഗിക്കുമ്പോൾ കംപ്രസ്സീവ് സ്ട്രങ്ത് 50 N/mm2 ആണ് ഉപയോഗിക്കേണ്ടത്. ലാബ് റിപ്പോർട്ട് പ്രകാരം കംപ്രസ്സീവ് സ്ട്രങ്ത് 36.5 N/mm2 കറക്റ്റഡ് കംപ്രസ്സീവ് സ്ട്രങ്ത് 45.2 N/mm2 ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് MoRDസ്പെസിഫിക്കേഷനിൽ 100 Mm പേവർ ബ്ലോക്കുകൾ ഇല്ലാത്തതിനാൽ MoRTH സ്പെസിഫിക്കേഷൻ ആണ് ഉപയോഗിച്ചതെന്നും ആയതിന് M40 ഗ്രേഡ് മതിയെന്നും അറിയിച്ചു. ഇൻഡ്യൻ സ്റ്റാന്റേർഡ്സ് പ്രകാരം 50 N/mm2 ആവശ്യമുള്ളതിനാൽ ഗുണനിലവാരം വിദഗ്ധ സമിതി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

കരാറുകാരൻ അധിക ബ്ലോക്കുകൾ സ്റ്റാക് ചെയ്തിട്ടില്ല എങ്കിൽ ആയതിന്റെ വില സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ക്രമീകരിക്കേണ്ടതാണ്. ഗുണനിലവാരം വിദഗ്ധ സമിതി പരിശോധിച്ച് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയത് വരെ ഈ ഇനത്തിലെ ചെലവ് 18,56,232/- രൂപ തടസ്സപ്പെടുത്തുന്നു.

1-32 തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് - പഞ്ചായത്തിന് അധികച്ചെലവ്

റോഡ് കോൺക്രീറ്റിംഗ് /ഐറിഷ് ഡ്രയിൻ വേലകളിൽ നിലവിൽ MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റുകളാണ് തയ്യാറാക്കി വരുന്നത്. ഇതിൽ കോൺക്രീറ്റിംഗ് വേലകൾക്ക് ഒബ്സേർവ്ഡ് ഡാറ്റാ 75.8.1, 75.8.1.1, 75.8.1.1 A എന്നിവയാണ് ഉപയോഗിച്ച് വരുന്നത്. റോഡ് കോൺക്രീറ്റിംഗിന് 75.8.1 ഉപയോഗിക്കുമ്പോൾ കൃത്യമായി ഫോംവർക്ക് ചെയ്ത് കോൺക്രീറ്റ് നിറക്കുകയും വൈബ്രേറ്റർ ഉപയോഗിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. കൂടാതെ 3 മീറ്റർ ഇടവിട്ട് പാനലുകൾ ഉപയോഗിക്കുന്നു. 75.8.1.1 ഉപയോഗിക്കുമ്പോൾ കൃത്യമായി ഫോംവർക്ക് ചെയ്ത് കോൺക്രീറ്റ് നിറക്കുമെങ്കിലും വൈബ്രേറ്റർ ഉപയോഗിക്കുന്നില്ല. 75.8.1.1 A ആണ് ഉപയോഗിക്കുന്നതെങ്കിൽ കൃത്യമായ ഫോംവർക്ക്, വൈബ്രേറ്റർ എന്നിവ ഉപയോഗിക്കുന്നില്ല. റോഡിന് ഐറിഷ് ഡ്രയിൻ നിർമ്മിക്കുമ്പോൾ, അളവ് പുസ്തക പ്രകാരം വിവിധ കനത്തിലും വിവിധ വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് (Irregular Shape) എന്നതിനാൽ കൃത്യമായ ഫോംവർക്ക്, വൈബ്രേറ്റർ എന്നിവ ഉപയോഗിക്കുന്നില്ല എന്നത് വ്യക്തമാണ്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/28-11-22) നിർമ്മാണ സമയത്ത് പ്രദേശവാസികൾ, പഞ്ചായത്ത് മെമ്പർമാർ എന്നിവരുടെ അഭ്യർത്ഥന മാനിച്ച് സൈഡ് ഫോം വർക്ക് ഒഴിവാക്കി ചെയ്യേണ്ടി വരുന്നതായി അറിയിച്ചു. ഇത്തരം സാഹചര്യത്തിൽ

75.8.1.1 A സ്പെസിഫിക്കേഷൻ പ്രകാരമുള്ള തുകയാണ് കരാറുകാരന് നല്കാൻ കഴിയുക. ഇതിന് വിരുദ്ധമായി കൂടിയ നിരക്ക് അനുവദിച്ചതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

പുട്ടുചിറ-കൈതമറ്റം റോഡ് മെയിന്റനൻസ് എന്ന 153/21-22 നമ്പർ പ്രോജക്ട് പ്രകാരം ഐറിഷ് ഡ്രയിൻ ആണ് ഏറ്റെടുത്ത് ചെയ്തിട്ടുള്ളത്. മിഥുൻ മാത്യു കരാറുകാരനായി ഇനം 2 ആയി ചെയ്തിട്ടുള്ളത് MoRD സ്പെസിഫിക്കേഷൻ 75.8.1 പ്രകാരമുള്ള കോൺക്രീറ്റാണ്. ഇതിന് എസ്റ്റിമേറ്റിൽ 87.775 ഘനമീറ്ററിന് 7980.40/ഘന മീറ്റർ പ്രകാരം 700479.61 രൂപ വകയിരുത്തിയിരുന്നു. മേൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ കരാറുകാരന് നല്കാവുന്നത് 75.8.1.1 A പ്രകാരം 7664.71/ ഘന മീറ്റർ നിരക്കാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്തിനുണ്ടായ അനാവശ്യ ചെലവ് ചുവടെ ചേർക്കുന്നു. (പ്രോജക്ട് ആകെ ചെലവ് 795800/-രൂപ ബിൽ നം/തീ 15/28-2-22)

| ഇനം | എസ്റ്റിമേറ്റ് | കരാറുകാരന് നല്കിയത് |
|---|---|---|
| 75.8.1 സ്പെസിഫിക്കേഷൻ പ്രകാരം അനുവദിച്ച് നല്കിയ തുക<br>87.775 ഘന മീറ്ററിന് @7980.40 | 700479.61 | 696976.50 കരാറുകാരൻ 0.5% കുറവ് രേഖപ്പെടുത്തിയത് അനുസരിച്ച് |
| 75.8.1.1.A സ്പെസിഫിക്കേഷൻ പ്രകാരം അനുവദിക്കാവുന്ന തുക<br>87.775 ഘന മീറ്ററിന് @7664.70 | 672769.04 | 672769.04 (ടെണ്ടർ കുറവ് ഇല്ലാതെ) |
| അധികം | | 24207.46 |

മേൽ പറഞ്ഞ പ്രോജക്ടിന് പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 24207/- രൂപ മേൽനോട്ടം വഹിച്ചതും, അളവ് രേഖപ്പെടുത്തി തുക നല്കിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-33 ഡിജിറ്റൽ ലൈബ്രറിക്ക് അടിസ്ഥാനസൗകര്യം - ചെലവ് തുക ഫലപ്രദമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2021-22ൽ ഏറ്റെടുത്തതാണ് ഡിജിറ്റൽ ലൈബ്രറിക്ക് അടിസ്ഥാനസൗകര്യം എന്ന 173/22 നമ്പർ പ്രോജക്ട്. തനത് ഫണ്ട് 490000/- രൂപ വകയിരുത്തി 206300/-രൂപ ചെലവഴിച്ച



പ്രോജക്ട് പ്രകാരം ഓഫീസ് ഫർണിഷിംഗ് നടത്തിയിട്ടുണ്ട് . ഇതിന് മീനച്ചിൽ റബ്ബർ വുഡ് എന്ന സ്ഥാപനത്തിന് 2,06,300/- രൂപ നൽകിയിട്ടുണ്ട്. കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ ലഭിച്ചെന്നും വൈദ്യുതീകരണം പൂർത്തിയാകാത്തതിനാൽ ഇൻസ്റ്റാൾ ചെയ്യാൻ കഴിഞ്ഞില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. വാങ്ങിയ ഫർണിച്ചറും, നിലവിലുണ്ടായിരുന്ന പുസ്തകങ്ങളും മുറിയിൽ നിരത്തിയിട്ട നിലയിലാണ്. ഓൺലൈനിൽ ലഭ്യമായ ബുക്കുകളുടെ വായന, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉള്ള സഹായം തുടങ്ങി വിപുലമായ ആശയങ്ങളോടെ ആരംഭിച്ചിട്ടുള്ളതാണ് പ്രോജക്ട്. നിലവിൽ ചെലവഴിച്ച തുക ഫലപ്രദമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പ്രോജക്ടിന്റെ വിജയസാദ്ധ്യതയും വിലയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിവിധ പ്രോജക്ടുകൾ പ്രകാരം കരാറുകാരന് നൽകാനുള്ള തുകകൾ ഒരേ ചെക്ക് പ്രകാരം നൽകുന്നതിനാലും ആയതിന്റെ ഇനം തിരിച്ചുള്ള വിവരം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ചെലവ് വിശദാംശങ്ങൾ ചേർക്കുന്നതിന് കഴിഞ്ഞിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് ചെലവു തുക ഫലപ്രദമാക്കുന്നതു വരെ ഈ ഇനത്തിലുള്ള 206300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 വാർഷികകണക്കിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ യിൽ ഉള്ള 37114317586 നമ്പർ കറന്റ് അക്കൗണ്ടിൽ 28-11-2022 ൽ 575600/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ തുകകൾ, എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിയമിച്ചിട്ടുള്ള ദിവസവേതന ജീവനക്കാരുടെ ശമ്പളം തുടങ്ങിയവ ഈ അക്കൗണ്ടിലേക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് വഴി തുകകൾ വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. അസിസ്റ്റ് എഞ്ചിനീയർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ വരവ് ചെലവ് വിവരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. ഡയറക്ട് ബനഫിഷറി ട്രാൻസ്ഫർ നിലവിൽ വന്ന ശേഷവും സുതാര്യമല്ലാത്ത ഇത്തരം സാമ്പത്തിക ഇടപാടുകൾ പൊതുസ്ഥാപനങ്ങളിൽ അനുവദിക്കാവുന്നതല്ല.

അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നത് ക്രമപ്രകാരമല്ലാത്ത സാമ്പത്തിക ഇടപാടുകൾക്കും കാരണമാകുന്നുണ്ട്. ഉദാഹരണത്തിന് 146/22 ടേക്ക് എ ബ്രേക്ക് പ്രോജക്ടിന്റെ ആദ്യ ബിൽ തുകയായ 304996/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം അക്കൗണ്ടിൽ ലഭിച്ചത് 16-9-21 ലാണ്. എന്നാൽ ഇതിലെ കരാറുകാരന്റെ വിഹിതമായ 288218/- രൂപ 15-9-2021 ൽ തന്നെ അക്കൗണ്ടിൽ നിന്നും കരാറുകാരന് പോയിട്ടുണ്ട്. 1-4-21ൽ 455969.50 രൂപ നീക്കിയിരിപ്പുണ്ടായിരുന്ന അക്കൗണ്ടിൽ 28-11-2022 ൽ 575600/- രൂപ നീക്കിയിരിപ്പ വന്നത് ഈ കാലയളവിൽ തനത് ഫണ്ടിൽ നിന്നും ലഭിച്ച തുക ബന്ധപ്പെട്ട ആവശ്യത്തിന് വിനിയോഗിക്കാതിരുന്നതിനാലാണ്.

പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതും ചെലവഴിക്കുന്നതും നിയമാനുസൃതമല്ല. അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ലാത്തതിനാൽ തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതും സെക്രട്ടറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ച് ഇനവിവരം ലഭ്യമാകുന്ന മുറക്ക് ബന്ധപ്പെട്ട ചെലവുകൾ നടത്തേണ്ടതുമാണ്. മിനിമം ബാലൻസ് നിലനിർത്തി സൂക്ഷിക്കുന്ന അക്കൗണ്ട് ഇ-ടെണ്ടർ ഫീസ് ഇടപാടുകൾക്ക് ഉപയോഗിക്കാവുന്നതുമാണ്. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം സെക്രട്ടറി നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്നത് പരിഗണിക്കേണ്ടതാണ്.

## 1-35 ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

മണർകാട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം ഫിഷറീസ് സബ് ഇൻസ്പെക്ടർ താഴെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ഗുണഭോക്താവ് | നൽകിയ സബ്സിഡി | ബിൽ നം/ ചെക്ക് നം/ തീയതി |
|---|---|---|---|
| 107/22 ബയോഫ്ലോക്ക് മൽസ്യകൃഷി | കൊച്ചുമോൾ കെ, വട്ടക്കാട്ട്, മണർകാട് പി. ഒ | 33040 (വികസന ഫണ്ട് ) | 2/21-22/ 23.2.22 |
| 109/22 വീട്ട് വളപ്പിലെ കുളത്തിലെ മൽസ്യകൃഷി | ഓമന ചന്ദ്രൻ, പാറേക്കാട്ടിൽ, മണർകാട് പി. ഒ | 24158 (വികസന ഫണ്ട് ) | 1/21-22 /8.2.22 |
| ,, | പി. വി തോമസ്, പൈങ്ങോട്ട്, അരീപ്പറമ്പ് പി.ഒ | 24960 (വികസന ഫണ്ട് ) | 1/21-22 /8.2.22 |

| | | | |
|---|---|---|---|
| ,, | റജി കുരുവിള, കട്ടടിയിൽ, അരീപ്പറമ്പ് പി.ഒ | 22411 (വികസന ഫണ്ട് ) | 1/21-22 /8.2.22 |
| 176/22 കുളത്തിലെ കരിമീൻ കൃഷി | കെ. കെ മർക്കോസ്, കോളച്ചേരിൽ, തിരുവഞ്ചൂർ | 59840 (തനത് ഫണ്ട്) | ചെക്ക് നം 5118340/ 30.9.21 |
| ആകെ | | 164409 | |

ഫയൽ പരിശോധിച്ചതിൽ മൽസ്യകൃഷിക്കുള്ള കുളവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള സബ്സിഡിയാണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയും മൽസ്യത്തീറ്റ വാങ്ങി നൽകിയതിന്റെയും മൽസ്യക്കുളം ഫിഷറീസ് പ്രൊമോട്ടർ പീരിയോഡിക്കൽ പരിശോധന നടത്തി മൽസ്യക്കുഞ്ഞുങ്ങളുടെ വളർച്ച വിലയിരുത്തിയതിന്റെ വിവരങ്ങൾ ഉൾപ്പടെയുള്ള തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 33/29.11.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നത് വരെ ടി മൂന്ന് പ്രോജക്ടുകളിലായി ആകെയുള്ള 164409 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 മുട്ടക്കോഴി വളർത്തൽ - വരുമാന പരിധി പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/21-22 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം, ചെലവ് | അടുക്കള മുറ്റത്തെ കോഴി വളർത്തൽ .<br>വികസനഫണ്ട് (ജനറൽ)- 363600. |
| ബിൽ നമ്പർ, തീയതി | 3/21-22 തീയതി 10.01.22 363600. |
| നിർവ്വഹണോദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

പ്രസ്തുത പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ 606 ഗുണഭോക്താക്കൾക്ക് 5 വീതം 3030 മുട്ടക്കോഴികൾ വിതരണം ചെയ്തതായി കാണുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ/ പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | സാറാമ്മ ജോൺ | 5 |
| 2 | രാജിമോൾ | 6 |
| 3 | ലത വി | 6 |
| 4 | ശോശാമ്മ | 1 |

| | | |
|---|---|---|
| | എബ്രാഹം | |
| 5 | ഗിനമ്മ കെ.ടി | 2 |
| 6 | രാജലക്ഷ്മി പി വി | 9 |
| 7 | മിനി മാത്യു | 1 |

രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/28.11.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് 5 ലക്ഷത്തിൽ താഴെയാണ് വാർഷിക വരുമാനമെങ്കിൽ ആയത് തെളിയിക്കുന്ന രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-37 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം.47/21-22 (കന്നുകുട്ടി പരിപാലന പദ്ധതി)
ചെലവ്- 387500/- രൂപ (വികസന ഫണ്ട് ജനറൽ, ബിൽ നം. 1/21-22/25.11.22)
നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

മണർകാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി 387500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 387500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-38 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 04/21-22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 1/21-22, 29.11.2021 – 100000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ ബിൽ പ്രകാരം 100000/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ആയതിന്റെ ലഭ്യതാവിവരം അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/26.11.2022) മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-39 മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റ് നം.72/21-22 (മരുന്ന് വാങ്ങൽ)
ചെലവ്- 399567/- രൂപ (നോൺ റോഡ്)

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നം 38/21-22 തീയതി 22.03.22 തുക 124879 രൂപ

പ്രസ്തുത പ്രോജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് 124879 രൂപ നീതി മെഡിക്കൽ സ്റ്റോറിന് (അക്കൗണ്ട് നം 409505588) നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത മരുന്നുകൾ ലഭ്യമായതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 124879 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 തൊഴിലുറപ്പ് പദ്ധതി- കേര നഴ്സറി നിർമ്മാണം- അപാകതകൾ

വർക്ക് കോഡ്- DP 300113

ഭരണാനുമതി തുക- 483000 രൂപ

ചെലവ്- 329090 രൂപ (വേജസ്- 94575 + ഷാർപ്പനിംഗ് ചാർജ്- 972 + മെറ്റീരിയൽ കോസ്റ്റ്- 233543)

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. കേര നേഴ്സറി നടപ്പാക്കുക വഴി തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യതയും, പഞ്ചായത്തിലെ കേരകർഷകർക്ക് ഉൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. എസ്റ്റിമേറ്റിലെ 3-ാം ഇനമായി 4969 വിത്ത് തേങ്ങകളുടെ വിലയായി 233543 രൂപ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്. കുന്നേൽ അഗ്രോ പ്രോഡക്ട്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 5000 എണ്ണം വിത്ത് തേങ്ങകൾ നൽകിയതിന് ഒരെണ്ണത്തിന് 47 രൂപ നിരക്കിൽ 235000 രൂപയുടെ ബിൽ നൽകിയിട്ടുണ്ട്. ( ഇൻവോയ്സ് നം. 1/ 8.10.2021).

വിത്ത് തേങ്ങകൾ വാങ്ങുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനവുമായി കരാറിലേർപ്പെട്ടിരുന്നില്ല. 2022-23 വർഷം 4 പ്രവൃത്തികളിലായി ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 150 തെങ്ങിൻ തൈകൾ വീതം ആകെ 2550 (150x17 ) തെങ്ങിൻ തൈകൾ നട്ട് പരിപാലിക്കുന്നതിനായി പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ കേര നഴ്സറി നിർമ്മാണം എന്ന പ്രോജക്ട് പ്രാകാരം 4969 വിത്ത് തേങ്ങകൾ പാകിയതിൽ 2550 എണ്ണം തെങ്ങിൻ തൈകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അതായത് 2419 വിത്ത് തേങ്ങകൾ പാഴായതായി കാണുന്നു. പാഴായ വിത്ത് തേങ്ങകൾ മാറ്റി ലഭിക്കുന്നതിനോ അതിന്റെ വില തിരികെ ലഭിക്കുന്നതിനോ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

1) 02/11 – 08/11/21 - WC No.41170 - Rs.46,905/-

2) 20/12/21 – 26/12/21 – WC No.54448 - Rs.24,780/-

FTO No. 1108186 - 6,490/-

APB 1108210 - 17,110/-

SLAPB 1108228 - 1,180/-

------------

24,780/-

3) 05/02/22 – 11/02/22 - WC No.66762 - Rs. 10,476/-

FTO No. 1384948 - 1,746/-

APB 1384975 - 8,730/-

----------

10,476/-

4) 21/03/22 – 27/03/22 – WC No.77097 - Rs.13,386/-

FTO No. 590 - 5,820/-

APB 599 - 7,566/-

------------

13,386/-

5) ML – 1629 - Rs.2,33,543/-

(FTO No. 2216850 Rs. 2,33,543/-)

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 35/30.11.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പാഴായ വിത്ത് തേങ്ങകൾ മാറ്റി ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ പാഴായ 2419 വിത്ത് തേങ്ങകളുടെ വിലയായ 1,13,693 ( 2419x47 ) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് - പഞ്ചായത്തിന് അധികച്ചെലവ്

റോഡ് കോൺക്രീറ്റിംഗ് /ഐറിഷ് ഡ്രയിൻ വേലകളിൽ നിലവിൽ MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റുകളാണ് തയ്യാറാക്കി വരുന്നത്. ഇതിൽ കോൺക്രീറ്റിംഗ് വേലകൾക്ക് ഒബ്സേർവ്ഡ് ഡാറ്റാ 75.8.1, 75.8.1.1, 75.8.1.1 A എന്നിവയാണ് ഉപയോഗിച്ച് വരുന്നത്. റോഡ് കോൺക്രീറ്റിംഗിന് 75.8.1 ഉപയോഗിക്കുമ്പോൾ കൃത്യമായി ഫോംവർക്ക് ചെയ്ത് കോൺക്രീറ്റ് നിറക്കുകയും വൈബ്രേറ്റർ ഉപയോഗിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. കൂടാതെ 3 മീറ്റർ ഇടവിട്ട് പാനലുകൾ ഉപയോഗിക്കുന്നു. 75.8.1.1 ഉപയോഗിക്കുമ്പോൾ കൃത്യമായി ഫോംവർക്ക് ചെയ്ത് കോൺക്രീറ്റ് നിറക്കുമെങ്കിലും വൈബ്രേറ്റർ ഉപയോഗിക്കുന്നില്ല. 75.8.1.1 A ആണ് ഉപയോഗിക്കുന്നതെങ്കിൽ കൃത്യമായ ഫോംവർക്ക്, വൈബ്രേറ്റർ എന്നിവ ഉപയോഗിക്കുന്നില്ല. റോഡിന് ഐറിഷ് ഡ്രയിൻ നിർമ്മിക്കുമ്പോൾ, അളവ് പുസ്തക പ്രകാരം വിവിധ കനത്തിലും വിവിധ വീതിയിലുമാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് (Irregular Shape) എന്നതിനാൽ കൃത്യമായ ഫോംവർക്ക്, വൈബ്രേറ്റർ എന്നിവ ഉപയോഗിക്കുന്നില്ല എന്നത് വ്യക്തമാണ്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/28-11-22) നിർമ്മാണ സമയത്ത് പ്രദേശവാസികൾ, പഞ്ചായത്ത് മെമ്പർമാർ എന്നിവരുടെ അഭ്യർത്ഥന മാനിച്ച് സൈഡ് ഫോം വർക്ക് ഒഴിവാക്കി ചെയ്യേണ്ടി വരുന്നതായി അറിയിച്ചു. ഇത്തരം സാഹചര്യത്തിൽ 75.8.1.1 A സ്പെസിഫിക്കേഷൻ പ്രകാരമുള്ള തുകയാണ് കരാറുകാരന് നല്കാൻ കഴിയുക. ഇതിന് വിരുദ്ധമായി കൂടിയ നിരക്ക് അനുവദിച്ചതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

പുട്ടുചിറ-കൈതമറ്റം റോഡ് മെയിന്റനൻസ് എന്ന 153/21-22 നമ്പർ പ്രോജക്റ്റ് പ്രകാരം ഐറിഷ് ഡ്രയിൻ ആണ് ഏറ്റെടുത്ത് ചെയ്തിട്ടുള്ളത്. മിഥുൻ മാത്യു കരാറുകാരനായി ഇനം 2 ആയി ചെയ്തിട്ടുള്ളത് MoRD സ്പെസിഫിക്കേഷൻ 75.8.1 പ്രകാരമുള്ള കോൺക്രീറ്റാണ്. ഇതിന് എസ്റ്റിമേറ്റിൽ 87.775 ഘനമീറ്ററിന് 7980.40/ഘന മീറ്റർ പ്രകാരം 700479.61 രൂപ വകയിരുത്തിയിരുന്നു. മേൽ

പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ കരാറുകാരന് നല്കാവുന്നത് 75.8.1.1 A പ്രകാരം 7664.71/ ഘന മീറ്റർ നിരക്കാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം പഞ്ചായത്തിനുണ്ടായ അനാവശ്യ ചെലവ് ചുവടെ ചേർക്കുന്നു. (പ്രോജക്ട് ആകെ ചെലവ് 795800/-രൂപ ബിൽ നം/തീ 15/28-2-22)

| ഇനം | എസ്റ്റിമേറ്റ് | കരാറുകാരന് നല്കിയത് |
|---|---|---|
| 75.8.1 സ്പെസിഫിക്കേഷൻ പ്രകാരം അനുവദിച്ച് നല്കിയ തുക<br>87.775 ഘന മീറ്ററിന് @7980.40 | 700479.61 | 696976.50 കരാറുകാരൻ 0.5% കുറവ് രേഖപ്പെടുത്തിയത് അനുസരിച്ച് |
| 75.8.1.1.A സ്പെസിഫിക്കേഷൻ പ്രകാരം അനുവദിക്കാവുന്ന തുക<br>87.775 ഘന മീറ്ററിന് @7664.70 | 672769.04 | 672769.04 (ടെണ്ടർ കുറവ് ഇല്ലാതെ) |
| അധികം | | 24207.46 |

മേൽ പറഞ്ഞ പ്രോജക്ടിന് പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 24207/- രൂപ മേൽനോട്ടം വഹിച്ചതും, അളവ് രേഖപ്പെടുത്തി തുക നല്കിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 26.08.2022 | 25.11.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 08.09.2021<br>24.09.2021 | 200000<br>200000 | 11/21-22, ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 31.03.2022 | 170260* | 128/21-22, 156-ാം നമ്പർ അംഗൻവാടി | 170260 | 0 |

| | | | | | |
|---|---|---|---|---|---|
| | | | അറ്റകുറ്റപ്പണി വാർഡ് - 8 | | |
| ആകെ | | 570260 | | 570260 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 29.10.2021<br>24.12.2021 | 520000<br>600000 | 11/21-22, ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി | 1120000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 11.03.2022 | 160000 | 80/21-22, ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ് ടി) | 160000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 24.12.2021 | 360000 | 79/21-22, ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (എസ് സി) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 18.01.2022 | 207800 | 54/21-22, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 207800 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 23.03.2022 | 140316* | 142/21-22, സിഎംഎസ് എൽ പി സ്കൂളിന് ടോയ് ലറ്റ് നിർമ്മാണം (വാർഡ് 11) | 140316 | 0 |
| ആകെ | | 1988116 | | 1988116 | 0 |

* മേൽപ്പറഞ്ഞ 2 പദ്ധതികളുടെ വരവ് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 105/21-22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | CPSMS2206700201-1578939/- രൂപ<br>CPSMS2206800166-216000/- രൂപ | 1794939 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1794939 |
| | 166/21-22 വിവിധ വാർഡുകളിൽ | 25/21-22/ 18.11.21 | 1821061 ധനകാര്യ കമ്മീഷൻ | 0 | 1821061 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ | | ഗ്രാന്റ് | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 216/21-22 പോസ്റ്റ് ഷിഫ്റ്റിംഗ് | XY-5118398/ 25.3.22/ 33420 XY-5118397/ 25.3.22/ 105891 | 139311 തനത് ഫണ്ട് | 0 | 139311 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCOയിൽ നിന്നും അനുവദിച്ച വായ്പ | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018 | 2916711 | - | 337333 | - | 2579378 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1750662 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 93735 |
| ആകെ | 1844397 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1844397 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, മണർകാട് അക്കൗണ്ട് നം. 0779401001414/17 | 1844397 |
| ആകെ | 1844397 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 32466/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.& തീയതി |
|---|---|---|---|---|
| 2015-16 | 2-5 | 636 | - | 121030106892/ 31.03.2022 |
| 2018-19 | 1-10-1 | 31830 | - | 121030105224/ 09.03.2022 |
| ആകെ | | 32466 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 2, അനുബന്ധം – 4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2, 2-5, 2-6 | 2016-17 | 2, അനുബന്ധം – 3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-6, 2-7, 2-8 | 2016-17 | 2, അനുബന്ധം – 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2017-18 | 3-4 | 2018-19 | കോട്ടയം ജില്ല-1 | ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവത്തികൾ – പൊതു പണത്തിന്റെ ദുർവ്യയം | നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ നിലവിലില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 110537810.65 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84595723.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24,207 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80,49,324 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 24,207 | സലിൽ ക്ലീറ്റസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | -- | 24,207 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 37,55,311 | ബിജു തോമസ് മാത്യു, സെക്രട്ടറി |
| 1-25 | 1,50,000 | സനമകുമാരി റ്റി.എസ്., വി.ഇ.ഒ. |
| 1-26 | 75,000 | സനമകുമാരി റ്റി.എസ്., വി.ഇ.ഒ. |
| 1-27 | 6,00,000 | സനമകുമാരി റ്റി.എസ്., വി.ഇ.ഒ. |
| 1-28 | 3,50,000 | സനമകുമാരി റ്റി.എസ്., വി.ഇ.ഒ. |
| 1-29 | 1,66,000 | സനമകുമാരി റ്റി.എസ്., വി.ഇ.ഒ. |
| 1-31 | 18,56,232 | സലിൽ ക്ലീറ്റസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 2,06,300 | സലിൽ ക്ലീറ്റസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35 | 1,64,409 | പ്രീതി സി., സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-37 | 3,87,500 | ഡോ.മെറിൻ അലക്സാണ്ടർ, വെറ്ററിനറി സർജൻ |
| 1-38 | 1,00,000 | ഡോ.പ്രീത,മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-39 | 1,24,879 | ഡോ.സ്വപ്ന മഞ്ചരി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-40 | 1,13,693 | ബിജു തോമസ് മാത്യു, സെക്രട്ടറി |
| ആകെ | 80,49,324 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവ യ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സലിൽ ക്ലീറ്റസ്, അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, മണർകാട് ഗ്രാമപഞ്ചായത്ത് | വാവക്കാട്ട്, ഫ്ലാറ്റ് നം. ബി.3, ഓർക്കിഡ് ഗ്രീൻ അപ്പാർട്ട്മെന്റ് എൽപിഎസ് ലെയിൻ, വടവാതൂർ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.03.2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-2022/109(3)/2022/02.08.2022 | 1 |
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-2022/109(5)/2022/02.08.2022 | 3 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-2022/1091(1)/2022/02.08.2022 | 1 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-2022/318/2022/02.08.2022 | 1 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-2022/1091(3)/2022/02.08.2022 | 2 |
| 2012-13 | കെ എസ് എ കെടിഎം പി13-അദാ-2022/1091(4)/2022/02.08.2022 | 13 |
| 2013-14 | കെ എസ് എ കെടിഎം പി13-അദാ-2022/1091(5)/2022/02.08.2022 | 5 |
| 2014-15 | കെ എസ് എ കെടിഎം പി13-അദാ-2022/1091(6)/2022/02.08.2022 | 14 |
| 2015-16 | കെ എസ് എ കെടിഎം പി13-അദാ-2022/1091(7)/2022/02.08.2022 | 9 |
| 2016-17 | കെ എസ് എ കെടിഎം പി13-അദാ-2022/1091(8)/2022/02.08.2022 | 10 |

| | | |
|---|---|---|
| 2017-18 | കെ എസ് എ കെടിഎം പി13-അദാ-2022/1091(9)/2022/02.08.2022 | 15 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13-177/2022/20.06.2022 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി13-510/2022/25.06.2022 | 16 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13-511/2022/08.08.2022 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്